പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 737 07.11.2016 -ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ നവീകരണം

ചോദ്യം

ശ്രീ. സണ്ണി ജോസഫ്
ശ്രീ.പി.ടി. തോമസ്
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ.വി.പി. സജീന്ദ്രൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും എന്തെല്ലാം നടപടികൾ കൊക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | മ്യൂസിയങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കുമായി താഴെപറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പിലെ നേപ്പിയർ മ്യൂസിയം കെട്ടിടം അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കായി പ്രാരംഭനടപടികൾ സ്വീകരിച്ചു വരുന്നു.<br>2) തിരുവനന്തപുരം നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരിക്കുന്നതിന്റെ ഭാഗമായി നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ മറ്റ് വിദേശ രാജ്യങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള 3 ഡി അനിമേഷൻ രീതിയിൽ പ്രദർശിപ്പിച്ച് പൊതുജനങ്ങൾക്കും കുട്ടികൾക്കും കണ്ട് മനസ്സിലാക്കുന്നതിനും, ആസ്വദിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ആവശ്യമായ ഡൈമോറ ഡിസ് പ്ലേ ആർട്ട് വർക്കിന് 1,94,65,441/- (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തിഅറുപത്തി അയ്യായിരത്തി നാനൂറ്റി നാല്പത്തൊന്ന് രൂപ) രൂപയും ടി മ്യൂസിയത്തിൽ കലാധിഷ്ഠിത രൂപത്തിലും, വാസ്തു ശൈലിയിലും തീർത്ത മനോഹരമായ വിധത്തിൽ വുഡ് പാനലിംഗ്, ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, കെട്ടിടത്തിന്റെ ഡിസൈൻ മാറ്റുന്നതിനും, ബാരിക്കേഡുകൾ മറ്റ് അനുബന്ധ രീതിയിലുള്ള സിവിൽ വർക്കുകൾ എന്നിവയുമായി 2,37,06,339/- (രണ്ടുകോടി മുപ്പത്തിയേഴ് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ) രൂപയും 08/09/2016 തീയതിയിലെ GO(Rt)No. 301/2016/CAD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപ്പാലസ്. പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായ ത്തോടെ "Setting up, promotion and strengthening of Regional and Local Museums" എന്ന പദ്ധതി പ്രകാരം 13,79,02,000/- (പതിമൂന്ന് കോടി എഴുപത്തി ഒൻപത് ലക്ഷത്തി രണ്ടായിരം) രൂപയുടെ നവീകരണ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതി ചെലവിന്റെ പരമാവധി 80% കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിവരിക്കുമോ ; | (ബി യും സി യും) | ഉണ്ട്. മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കങ്കിച്ചിറ ദേശത്ത് പുതിയ ഹെറിറ്റേജ് മ്യൂസിയത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്തിലെ ചന്തപ്പുരയിൽ ഒരു പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനും, നടപടി സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണകൾ നിലനിർത്തുന്നതിനായി ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.<br>എല്ലാ ജില്ലകളിലും ജില്ലാ തല പുരാവസ്തു പൈതൃക മ്യൂസിയം സ്ഥാപിക്കുക എന്ന പദ്ധതി പ്രകാരം പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ 8 ജില്ലകളിൽ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയം ഒഴിച്ചുള്ള 7 ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ